# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## അനന്തരം കാൻസർ മാറി; അജി അച്ചനായി




വർഷം 2011 ഏപ്രിൽ
അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികർക്കുവേണ്ടിയുള്ള ധ്യാനത്തിൽ പങ്കെടുക്കാനെത്തിയതായിരുന്നു. ഫാ. അജി കപ്യാരുമലയിൽ സിഎസ് സി. കൗൺസലിംങ് നടത്തിയ സിസ്റ്റർ പ്രാർത്ഥനയ്ക്കിടയിൽ അച്ചനോട് പറഞ്ഞു

'അച്ചാ, അച്ചന്റെ പുറകിൽ പരിശുദ്ധ അമ്മ നില്ക്കുന്നതായി കാണുന്നു. അച്ചനെ നെഞ്ചോട് ചേർത്തുവച്ച് അമ്മ പറയുന്നു, മോനേ നിന്റെ ചെറുപ്പത്തിൽ നിനക്ക് മാരകമായ രോഗം വന്നപ്പോൾ ആ വലിയ അപകടത്തിൽ നിന്ന് നിന്നെ ഞാൻ രക്ഷിച്ചപ്പോ നിന്റെ അമ്മ നിന്നെ എനിക്ക് തന്നതാണ് എന്ന്. അച്ചന് എന്തായിരുന്നു അസുഖം?. വ്യക്തമായ ഓർമ്മകൾ ഇല്ലാതിരുന്നതിനാൽ അച്ചൻ പറഞ്ഞു. 'എന്തൊക്കെയോ അസുഖങ്ങൾ ചെറുപ്പത്തിൽ ഉണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ അത് എന്തൊക്കെയാണെന്ന് കൃത്യമായി അറിയില്ല.' എങ്കിൽ അച്ചൻ പോയി അമ്മയോട് ചോദിച്ചു നോക്കൂ..' സിസ്റ്റർ പറഞ്ഞു.

ധ്യാനം കഴിഞ്ഞിറങ്ങുമ്പോൾ അമ്മയുടെ അടുക്കലെത്താൻ ധൃതിയായിരുന്നു അജി അച്ചന്. അമ്മയോട് ചോദിക്കാൻ ഒരുപാട് ചോദ്യങ്ങൾ..സംശയങ്ങൾ തന്റെ ജീവിതത്തെക്കുറിച്ച് ആയുസിനെക്കുറിച്ച് അറിയാൻ ഇനിയും എന്തൊക്കെയോ ബാക്കി കിടക്കുന്നതുപോലെ..ജനിമൃതികളുടെ പൊരുളുകൾ അല്ലെങ്കിൽ ആരറിയുന്നു?. അച്ചന്റെ ചോദ്യത്തിന് മുമ്പിൽ ആദ്യം പൊട്ടിക്കരച്ചിലായിരുന്നു അമ്മയുടെ മറുപടി. പിന്നെ ആ അമ്മ മകനിൽ നിന്നും ഇതുവരെ രഹസ്യമായി സൂക്ഷിച്ചിരുന്ന കഥ കണ്ണീരിലൂടെ മകനോട് പറഞ്ഞു. മകനെ സെമിത്തേരിയുടെ കരയിൽ നിന്ന് വല്ലാർപാടത്തമ്മ രക്ഷിച്ച കഥ. ആ കഥയ്ക്ക് പിന്നിൽ ഒരമ്മയുടെ വിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും ചൂടുണ്ടായിരുന്നു.. പ്രാർത്ഥിച്ചാൽ ദൈവം മറുപടി തരുമെന്ന വിശ്വാസത്തിന്റെ ആവർത്തനം ഉണ്ടായിരുന്നു.. വല്ലാർപാടത്തമ്മയുടെ അത്ഭുതങ്ങളുടെ തുടർക്കഥയുണ്ടായിരുന്നു.

### ആ കഥ ഇങ്ങനെയാണ്

കോതമംഗലം തഴുവംകുന്ന് ഇടവകയിലെ കപ്യാരുമലയിൽ പോൾലീലാമ്മ ദമ്പതികളുടെ

മൂത്തമകനായ അജി മൂന്നാംക്ലാസിൽ പഠിക്കുകയാണ്. ദിവസം മുഴുവൻ ചുമയായിരുന്നു അവന്. രാത്രികാലങ്ങളിൽ പനിയും .വീടിനടുത്തുള്ള കല്ലൂർക്കാട് ഹോസ്പിറ്റലിലായിരുന്നു ആദ്യ ചികിത്സ. ഒന്നരമാസത്തോളംചികിത്സ. പക്ഷേ പ്രത്യേകിച്ച് പുരോഗതിയൊന്നും ഉണ്ടായില്ല. അതിനിടയിലാണ് അജി ചുമച്ചുതുപ്പിയ കഫത്തിൽ രക്തം അമ്മ കണ്ടത്. ഇടതുവശത്തുള്ള ശ്വാസകോശത്തെ ക്ഷയരോഗം പിടികൂടിയിരിക്കുന്നു എന്നതായിരുന്നു അതിന്ശേഷം നടത്തിയ എക്സറേ ഫലം വ്യക്തമാക്കിയത്. ക്ഷയരോഗത്തിന് ഇന്നത്തേതുപോലെ വിദഗ്ധചികിത്സ ലഭ്യമല്ലാതിരുന്ന കാലം. എൺപതുകളുടെ ആരംഭകാലമായിരുന്നു അത്. മുതിർന്നവർക്കും കുട്ടികൾക്കും ക്ഷയരോഗത്തിന് ഒരേ അളവിലും ഒരേ മരുന്നും. 110 ഇഞ്ചക്ഷൻ വരെ അജിക്ക് നല്കിയിട്ടുണ്ട്.

മൂന്ന് മാസക്കാലം അജി ക്ഷയരോഗത്തിന് മരുന്ന് കഴിച്ചു. പക്ഷേ അസുഖം കൂടിയതല്ലാതെ മറ്റൊന്നും സംഭവിച്ചില്ല. വീണ്ടും എക്സറേ എടുത്തപ്പോൾ കിട്ടിയ ഫലം ഇടതുവശത്തെ ശ്വാസകോശം വെളുത്തിരിക്കുന്നു എന്നായിരുന്നു. ആശുപത്രികളിൽ നിന്ന് ആശുപത്രികളിലേക്ക് മകന്റെ ജീവനും പൊതിഞ്ഞുപിടിച്ചുള്ള മാതാപിതാക്കളുടെ യാത്ര ആരംഭിക്കുകയായിരുന്നു. മൂവാററുപുഴ, നെടുംചാൽ, കോഴഞ്ചേരി എന്നിങ്ങനെ ഒമ്പത് ആശുപത്രികൾ.. അതിനിടയിൽ ആയുർവേദവും ഹോമിയോയും. നെടുംചാലിൽ ഹോസ്പിറ്റലിൽ നിന്ന് കോലഞ്ചേരി മെഡിക്കൽ കോളജിലേക്ക് കേസ് റഫർ ചെയ്തു. ഇടത് ശ്വാസകോശത്തിൽ വലിയ മുഴ ഉണ്ടെന്നായിരുന്നു എക്സ്റേ ഫലം. അതുകൊണ്ട് അവിടെ നിന്ന് എറണാകുളം മെഡിക്കൽ ട്രസ്റ്റിലേക്ക്..

1980 ഡിസംബർ പതിനാലിന് അജിയെ ഓപ്പറേഷന് വിധേയനാക്കി. വെല്ലൂരിലേക്കാണ് ബയോപ്സിക്കായി മുഴ അയച്ചത്. റിസൾട്ട് ആ മാതാപിതാക്കളെ തകർത്തുകളയുന്ന വിധത്തിലുള്ളതായിരുന്നു. ശ്വാസകോശത്തിൽ അർബുദം. അതായിരുന്നു മെഡിക്കൽ റിപ്പോർട്ട്. പ്രാർത്ഥനകൾ പോലും വിഫലമായോ എന്ന് ആരും സംശയിച്ചുപോകുന്ന ദയനീയത. അഞ്ച് കീമോയാണ് ഡോക്ടേഴ്സ് നിർദ്ദേശിച്ചത്. പക്ഷേ ഒന്നു മാത്രമേ എടുക്കാൻ മാതാപിതാക്കൾ സമ്മതിച്ചുള്ളൂ. എന്നിട്ടും മൂന്ന് മാസത്തിൽ കൂടുതൽ ആയുസ് അവർ വിധിച്ചതുമില്ല.

അജിയുടെ മുടി കൊഴിഞ്ഞു. നിലയക്കാത്ത ഛർദ്ദി. കണ്ണീർമഴയിൽ കപ്യാരുമലയിൽ വീട് നനഞ്ഞു. തുടർപരിശോധനകൾക്കായി നിശ്ചയിച്ചിരുന്ന ആ ദിവസം മാതാപിതാക്കൾ അജിയുമായി ഡോക്ടറുടെ അടുക്കലെത്തി. വെല്ലൂരിൽ നിന്ന് കൊണ്ടുവന്ന മരുന്നുകളും അമ്മയുടെ കയ്യിലുണ്ടായിരുന്നു.. മെഡിക്കൽ ട്രസ്റ്റിലെ ഡോക്ടർ ഒരു പ്രതീക്ഷയും ആ മാതാപിതാക്കൾക്ക് നല്കിയില്ല.. മരണം മകന്റെ മേൽ നിഴൽവിരിച്ചിരിക്കുന്നതായി അവരറിഞ്ഞു. പ്രതികൂലങ്ങളിൽ ദൈവവിശ്വാസം ശക്തിപ്രാപിക്കുമെന്ന ജീവിത സത്യം വെളിപ്പെടുത്തിക്കൊണ്ട് അവിടെ വച്ച് അജിയുടെ അമ്മ ഡോക്ടറോട് പറഞ്ഞു. ഇനി എന്റെ മോനെ ഡോക്ടർ ചികിത്സിക്കണ്ടാ.. ഇനി ഒരു മരുന്നും അവന് കൊടുക്കുന്നുമില്ല.. ഇനി ഇവന്റെകാര്യം മാതാവ് നോക്കിക്കോളും.. '

കയ്യിലിരുന്ന മരുന്ന് ഡോക്ടറുടെ മുമ്പിലേക്ക് നീക്കിവച്ചതിന് ശേഷം അമ്മ എണീറ്റു..' ഡോക്ടർ ആർക്കെങ്കിലും ഈ മരുന്ന് കൊടുത്തുകൊള്ളൂ. എന്റെ കുഞ്ഞിനെ ഈ മരുന്ന് രക്ഷിക്കില്ല..' ഇളം മുള കീറും പോലെ കരഞ്ഞുകൊണ്ട് ആ അമ്മ നേരെ പോയത് വല്ലാർപാടത്തമ്മയുടെ തിരുനടയിലേക്കാണ്. എന്റെ അമ്മേ എന്റെ കുഞ്ഞിനെ രക്ഷിക്കണേയെന്ന് ഇടനെഞ്ച് പൊട്ടിയുള്ള നിലവിളി.. കെടാവിളക്കിലെ എണ്ണപകർന്ന് മകന്റെ ശരീരത്തിൽ തുടച്ചു.

### അമ്മ നിന്നെ നോക്കിക്കോളും

വല്ലാർപാടത്തമ്മയ്ക്ക് മകനെ അടിമവച്ചു. തിരികെ വീട്ടിലേക്ക് മടങ്ങുമ്പോൾ അലകൾ അടങ്ങിയ കടൽപോലെ അമ്മയുടെ മനസ്സ് ശാന്തമായിരുന്നു. വല്ലാർപാടത്തമ്മ തന്റെ കുഞ്ഞിനെ രക്ഷിക്കും എന്ന വിശ്വാസം അമ്മയുടെ ഹൃദയത്തിൽ ആഴത്തിൽ വേരോടിയിരുന്നു. മരണം മാത്രം മുമ്പിലുള്ള മകന്റെ ജീവിതവുമായി ദൈവത്തിന്റെ മുമ്പിൽ ഒരു വാദത്തിന്

ഇറങ്ങിത്തിരിക്കുകയായിരുന്നു ആ അമ്മ. ഇടതടവില്ലാതെയുള്ള ജപമാല പ്രാർത്ഥനകൾ മാത്രമായിരുന്നു അമ്മയുടെ കരുത്ത്.. രാത്രി 9.30 മുതൽ വെളുപ്പിന് അഞ്ചു മണിവരെ.. പിന്നെ ദേവാലയത്തിലേക്ക്.. കരൾ നൊന്തുള്ള ദിവ്യബലിയർപ്പണങ്ങൾ..ദിവ്യകാരുണ്യവും കൊന്തയും തന്റെ കുഞ്ഞിന്റെ ജീവൻ രക്ഷിക്കുമെന്ന് ആ അമ്മയ്ക്ക് അത്രയ്ക്കും ഉറപ്പായിരുന്നു.

എവിടെയാണെന്ന പോലും അപ്രസക്തമായിക്കൊണ്ടായിരുന്നു അമ്മയുടെ കൊന്ത ചൊല്ലലുകൾ. കന്നുകാലിത്തൊഴുത്തിൽ മുട്ടുകുത്തി നിന്നും ആ അമ്മ മകന്റെ ജീവനുവേണ്ടി കൊന്ത ചൊല്ലി പ്രാർത്ഥിച്ചിരുന്നു. താൻ കരയുന്നത് മകൻ കാണരുതെന്ന് കരുതി വാതിൽപ്പാളിക്ക് മറഞ്ഞുനിന്നും അവൻ ഉറങ്ങിക്കിടക്കുമ്പോഴും എല്ലാം അമ്മ കൊന്ത ചൊല്ലിക്കൊണ്ടേയിരുന്നു. തന്റെ മകൻ ആരോഗ്യം വീണ്ടെടുത്താൽ ഏഴ് വാഗ്ദാനങ്ങളാണ് അമ്മ വല്ലാർപാടത്തമ്മയ്ക്ക് നല്കിയത്. എല്ലാവർഷവും പതിമൂന്ന് വീടുകൾ കയറിയിറങ്ങി ഭിക്ഷയാചിക്കും. വല്ലാർപാടത്ത് മകന്റെ ഫോട്ടോ പ്രസിദ്ധപ്പെടുത്തും ഇവയായിരുന്നു അവയിൽ ചിലത്.

മുടി കൊഴിഞ്ഞ് പച്ചച്ചോർ മാത്രം ഭക്ഷിച്ച് ആരിലും സഹതാപവും വേദനയും ഉളവാക്കുന്ന വിധത്തിൽ കട്ടിലിൽ മാത്രം കഴിച്ചുകൂട്ടിയിരുന്ന അജി വല്ലാർപാടത്തു നിന്ന് മടങ്ങിയെത്തിയതിന്റെ പതിനാലാം ദിവസം സകലരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് കട്ടിലിൽ നിന്ന് ചാടിയെണീറ്റു. മുണ്ഡനം ചെയ്യപ്പെട്ട ശിരസിൽ മുടി കിളിർത്തുവന്നു. രാത്രി പകലായി മാറിയതിന്റെ മണിക്കൂറുകളുടെ വ്യത്യാസത്തിലെന്നോണം സംഭവിച്ച അത്ഭുതമായിരുന്നു അത്. മരണം പടിയിറങ്ങിപ്പോയ വീട്ടിൽ ആനന്ദഗാനം മുഴങ്ങി.. അജിയുടെ ശരീരത്തിൽ കാൻസറിന്റെ യാതൊരു അംശവും കണ്ടെത്താൻ കഴിയാത്തത് ഡോക്ടേഴ്സിനെയും അത്ഭുതപ്പെടുത്തി. ഇതെങ്ങനെ സംഭവിച്ചു എന്നോർത്ത് ഉത്തരം കണ്ടെത്താതെ അവർ എല്ലാം ദൈവത്തിന്റെ ഇടപെടൽ എന്ന് പറഞ്ഞ് ആകാശങ്ങളിലേക്ക് മിഴിയുയർത്തി കരം കൂപ്പി.

കാലം കടന്നുപോയി. അജി വളർന്നുവലുതായി. രോഗദുരിതങ്ങളുടെ ഓർമ്മകൾ ആ മനസ്സിൽ നിന്ന് പലപ്പോഴായി പടിയിറങ്ങിപ്പോയി. ചെറുപ്പകാലത്ത് എന്തോ ഒരു അസുഖമുണ്ടായിരുന്നു എന്നതിനപ്പുറം ദൈവത്തോട് പ്രാർത്ഥനയിലൂടെ കരഞ്ഞുമേടിച്ചെടുത്ത ജീവിതമായിരുന്നു തന്റേതെന്ന് അജി അറിഞ്ഞത് വൈദികനായി ഒടുവിൽ സെഹിയോനിലെ ഈ ധ്യാനത്തിൽ പങ്കെടുത്ത് തിരികെയെത്തിയപ്പോൾ മാത്രം. 1989 ൽ ആയിരുന്നു അജി ഹോളിക്രോസ് സഭയിൽ ചേർന്നത്. 2002 ൽ വൈദികനായി.
ദൈവം ഏറെ അനുഗ്രഹിച്ച ജീവിതമാണ് തന്റേതെന്ന് അച്ചൻ പറയുന്നു. മാതാവ് വഴിതന്റെ ജീവിതത്തിൽ സംഭവിച്ച അത്ഭുതങ്ങളുടെ സാക്ഷ്യപ്പെടുത്തലാണ് ഇപ്പോൾ അച്ചൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനകം 172 പള്ളികളിൽ മരിയൻ ധ്യാനം നടത്തി വല്ലാർപാടത്തമ്മയുടെ അപദാനങ്ങളെ അച്ചൻ വിശ്വാസികൾക്ക് പകർന്നുകൊടുത്തു കഴിഞ്ഞു. ഇടവകധ്യാനങ്ങൾ, താമസിച്ചുള്ള ധ്യാനങ്ങൾ.. എല്ലാം അച്ചൻ നടത്തുന്നു.

ഇനിയുള്ളകാലവും മാതൃസ്തുതികളുമായി മുമ്പോട്ടുപോകണമെന്നാണ് അച്ചന്റെ ആഗ്രഹം. 222000 ജപമാലകൾ വിശ്വാസികൾക്ക് ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. നമ്മുടെ കന്യകയുടെ തിരുശേഷിപ്പാണ് കൊന്ത..അജിയച്ചൻ പറയുന്നു. എന്നാൽ ഈ തിരുശേഷിപ്പിന് കൂടുതൽ ബലവും ശക്തിയും ലഭിക്കുന്നത് അത് വിശുദ്ധ ബലിപീഠത്തിനോട് ചേർത്തുവയ്ക്കുമ്പോഴാണെന്നും അച്ചൻ ഓർമ്മിപ്പിക്കുന്നു. ഫാ. അജി കപ്യാരുമലയിൽ സിഎസ് സിയുടെ സഹോദരനും വൈദികനാണ്. ഫാ. അനിൽകപ്യാരുമലയിൽ എസ വി ഡി. പ്രാർത്ഥിച്ചാൽ ദൈവം മറുപടിതരും. ഒരു പ്രാർത്ഥനയും വിഫലമായിപ്പോകില്ല എന്നാണ് ഫാ. അജി കപ്യാരുമലയിൽ സിഎസ് സിയുടെ ഈ ജീവിതാനുഭവം നമ്മോട് പറയുന്നത്. കൂടുതലായി പ്രാർത്ഥനകളോട് ചേർന്നുനില്ക്കാൻ ഈ സാക്ഷ്യം നമുക്ക് കരുത്തു പകരുന്നില്ലേ?.

കടപ്പാട്: hrudayavayal.com